**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2059** **09-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2011 - 2016 ലെ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (എ) | 2011-2016 ലെ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി ആകെ 228,17,55,838/- രൂപ ( ഇരുനൂറ്റി ഇരുപത്തെട്ട് കോടി പതിനേഴ് ലക്ഷത്തി അമ്പത്തയ്യായിരത്തി എണ്ണൂറ്റി മുപ്പത്തെട്ട് രൂപ മാത്രം ) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (ബി) | മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി 400,13,69,253/- രൂപ ( നാനൂറ് കോടി പതിമൂന്ന് ലക്ഷത്തി അറുപത്തൊമ്പതിനായിരത്തി ഇരുനൂറ്റി അമ്പത്തിമൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (സി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ സഹായത്തിനായി കേന്ദ്ര സർക്കാരോ എൻഡോസൾഫാൻ നിർമ്മാണ കമ്പനിയോ സാമ്പത്തികസഹായമോ ചികിത്സാ സംവിധാനമോ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരോ എൻഡോസൾഫാൻ നിർമ്മാണ കമ്പനിയോ സാമ്പത്തികസഹായം നൽകിയിട്ടില്ല. എന്നാൽ, എൻഡോസൾഫാൻ ദുരിതബാധിതരുടെ ചികിൽസാ സഹായത്തിനായി ദേശീയ ആരോഗ്യദൗത്യം മുഖേന 2010-2022 കാലയളവിൽ 28,33,41,755/- രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) | എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി നിലവിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി നിലവിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെട്ടവർക്കായി എംപാനൽ ചെയ്ത 16 ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സ നൽകി വരുന്നു.

2. കിടപ്പുരോഗികളെ വീട് സന്ദർശനം ചെയ്തും ചികിത്സ അനുവദിക്കുന്നുണ്ട്. ഇതിനായി ഒരു ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫിസിയോതെറാപിസ്റ്റുകൾ എന്നിവരടങ്ങുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിയ്ക്കുന്നുണ്ട്.

3. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിവിധ ആരോഗ്യ സ്ഥാപനങ്ങൾ വഴി സൗജന്യ മരുന്നു വിതരണം ചെയ്യുന്നു. , സർക്കാരിൽ ലഭ്യമല്ലാത്ത മരുന്ന് കാരുണ്യഫാർമസിയിൽ നിന്നും എംപാനൽ ചെയ്ത ഫാർമസികളിൽ നിന്നുമാണ് ആരോഗ്യസ്ഥാപനങ്ങൾ വാങ്ങുന്നത്.

4. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശുപത്രിയിൽ നിന്ന് എംപാനൽഡ് ഹോസ്പിറ്റലിലേയ്ക്കും തിരികെ വീട്ടിലേയ്ക്കും മെഡിക്കൽ ആവശ്യങ്ങൾക്കായി സൗജന്യഗതാഗതത്തിനായി 11 വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

5. എൻഡോസൾഫാൻ ദുരിതബാധിതരെ അടിയന്തരമായി എത്തിയ്ക്കുന്നതിന് കാസർഗോഡ് ജനറൽ ആശുപത്രി, പൂടംകല്ല് താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ആംബുലൻസ് സേവനം നൽകിയിട്ടുണ്ട്.

6. 11 പഞ്ചായത്തിലെ ഫിസിയോതെറാപി കേന്ദ്രങ്ങൾ വഴി ഫിസിയോതെറാപി സേവനം ലഭ്യമാക്കുന്നു.

7. 11 പഞ്ചായത്തുകളിലെ പി.എച്ച്.സി കളിൽ സ്റ്റാഫ് നഴ്സ് മുഖേന ഹോം അധിഷ്ഠിത പാലിയേറ്റീവ് സേവനം ലഭ്യമാക്കുന്നു.

8. എൻഡോസൾഫാൻ ദുരിതബാധിതർക്ക് 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്ന ഡബ്ല്യു. പി.(സി) 213/2011 കേസിലെ ബഹു. സുപ്രീംകോടതിയുടെ 10.01.2017 ലെ വിധിപ്രകാരം ധനസഹായം അനുവദിയ്ക്കുന്നതിന് അനുമതി നൽകുകയും ഇതിനായി 206.305 കോടി രൂപ അധികധനാനുമതി മുഖേന അനുവദിച്ചിരുന്നു. ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെട്ട് അപേക്ഷിച്ച അർഹരായ എല്ലാവർക്കും 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

9. ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ 2011 ജൂൺ മാസം വരെയുള്ള ലോണുകൾ എഴുതി തള്ളുന്നുണ്ട്.

10. ദുരിതബാധിതരായവരുടെ കുടുംബത്തിന്റെ വൈദ്യുത ചാർജിലുള്ള ഇളവ്, ബി.പി.എൽ റേഷൻ കാർഡ് എന്നിവയും അനുവദിക്കുന്നുണ്ട്.

11. എൻഡോസൾഫാൻ പുനരധിവാസ ഗ്രാമമായ മുളിയാർ റീഹാബിലിറ്റേഷൻ സെന്ററിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങളും നടന്നു വരുന്നു.

12. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന സ്നേഹസാന്ത്വനം പെൻഷൻ ലഭിയ്ക്കുന്ന 5287 പേർക്ക് ഉത്സവബത്തയായി 1000 രൂപ അനുവദിച്ചിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ചുവടെ ചേർക്കുന്ന സേവനങ്ങൾ നൽകി വരുന്നു.**

**1. സ്നേഹസാന്ത്വനം പദ്ധതി**

ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെയും മെഡിക്കൽ ക്യാമ്പിന്റേയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിത്സാ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം ടി പദ്ധതിയിലൂടെ നൽകി വരുന്നു

**2. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും മറ്റ് സ്കൂളുകളിൽ പഠിക്കുന്ന 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് 2000/- രൂപ വീതവും 8 മുതൽ 10 ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11, 12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2011-12 അദ്ധ്യയന വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

**3. സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരിൽ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് സാമൂഹ്യ സുരക്ഷാ മിഷന്റെ സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിൽപ്പെടുത്തി പ്രതിമാസം 700/- രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്ന ഈ പദ്ധതി പ്രകാരം 818 പേർക്ക് ധനസഹായം നൽകി വരുന്നു.

**4. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിയമിച്ചിട്ടുള്ള ജെ.എച്ച്.ഐമാർക്ക് ശമ്പളം അനുവദിക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 1,53,73,000/- രൂപ കാസർഗോഡ് നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർക്ക് അനുവദിച്ചിട്ടുണ്ട്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 20.03.18 ന് നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധതരുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന

പെരിയ മഹാത്മാ മോഡൽ ബഡ്സ് സ്കൂളും, നബാർഡ്- ആർ.ഐ.ഡി.എഫ് എൻഡോസൾഫാൻ പാക്കേജ് പ്രകാരം നിർമ്മാണം പൂർത്തീകരിക്കുന്ന മറ്റ് 9 ബഡ്സ് സ്കൂളുകളും സാമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കണമെന്ന് തീരുമാനിച്ചിരുന്നു. ഈ കേന്ദ്രങ്ങളിൽ ആവശ്യമായ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനും അതിനാവശ്യമായ ജീവനക്കാരെ നൽകുന്നതിനും വ്യക്തിഗത പുനരധിവാസ പദ്ധതി ഉറപ്പ് വരുത്തുന്നതിനും സാമൂഹ്യനീതി വകുപ്പിനെ ഏൽപ്പിച്ചിരുന്നു. അതേ തുടർന്ന് ആദ്യഘട്ടമായി പണിപൂർത്തീകരിച്ച് കൈമാറി കിട്ടിയ മൂളിയാർ, കാറഡുക്ക, ബെള്ളൂർ, കുമ്പടജെ, കയ്യൂർ-ചീമേനി എന്നീ ബഡ്സ് സ്കൂളുകളെ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ ആയി ഉയർത്തണമെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നതിന് ആവശ്യമുള്ള ജീവനക്കാരെയും, ഫർണിച്ചറുകളും ഉപകരണങ്ങളുമടക്കമുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങളും കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നൽകാനും തീരുമാനിച്ചു. മേൽ സാഹചര്യത്തിൽ പെരിയ ഉൾപ്പെടെ ആറ് ബഡ്സ് സ്കൂളുകളിൽ ആവശ്യമുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർ, സ്പീച്ച് തെറാപിസ്റ്റ്, ഫിസിയോതെറാപിസ്റ്റ്, ഒക്യൂപേഷണൽ തെറാപിസ്റ്റ്, ആയ, സെക്യൂരിറ്റി എന്നിവരെ നിയമിച്ചു.ഓരോ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിലും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 4 സ്പെഷ്യൽ എഡ്യൂക്കേറ്റർ, 1-ഫിസിയോതെറാപിസ്റ്റ്, 1-സ്പീച്ച് തെറാപിസ്റ്റ്, 1-സെക്യൂരിറ്റി, 3-ആയ, 1-ഒക്യുപേഷണൽ തെറാപിസ്റ്റ് എന്നിവരെ നിയമിച്ചിട്ടുണ്ട്. ടി എം.സി.ആർ.സികളിൽ ആവശ്യമുള്ള ഫർണിച്ചറുകൾ സിഡ്കോ വഴി ലഭ്യമാക്കിയിട്ടുണ്ട്. എം.സി.ആർ.സികൾക്ക് ആവശ്യമുള്ള പഠന/തെറാപ്പി ഉപകരണങ്ങളെല്ലാം തന്നെ ഇ-ടെണ്ടർ നടപടി പൂർത്തിയാക്കി വിതരണം ചെയ്തിട്ടുണ്ട്. കയ്യൂർ-ചീമേനി, കാറഡുക്ക എന്നിവിടങ്ങളിൽ വിർച്ചൽ റീഹാബിലിറ്റേഷൻ യൂണിറ്റ് കൂടി എംബ്രൈറ്റ് ഇൻഫോടെക് എന്ന സ്റ്റാർട്ടപ്പ് വഴി ലഭ്യമാക്കിയിട്ടുണ്ട്.

പത്ത് എം.സി.ആർ.സി കൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകളിലെ പ്രസിഡന്റ്, സെക്രട്ടറി, വെൽഫയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർക്കായി തൃശ്ശൂർ നിപ് മറിൽ വെച്ച് ഏകദിന ശിൽപശാല നടത്തുകയുണ്ടായി. നിയമിച്ച ജീവനക്കാർക്കെല്ലാം തന്നെ നിപ് മർ വഴി മൂന്ന് ദിവസത്തെ റസിഡൻഷ്യൽ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്കും നിപ് മർ വഴി പരിശീലനം നൽകിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്ത ബഡ്സ് സ്കൂളുകളെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററാക്കി മാറ്റുന്നതിനായി 1,22,61,111/- രൂപ (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തിയൊന്നായിരത്തി ഒരുനൂറ്റി പതിനൊന്ന് രൂപ മാത്രം) യുടെ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ടി സെന്ററുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഫർണിച്ചറുകൾ സിഡ്കോ വഴി വാങ്ങിയതിന് 56,10,763/-രൂപ ചെലവഴിച്ചിട്ടുണ്ട്. കാറഡുക്ക, കയ്യൂർ-ചീമേനി സ്കൂളുകളിലേയ്ക്കായി വെർച്ചൽ റീഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിന് 15,19,600/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ